# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2047 ന് മുമ്പ് തന്നെ ഇന്ത്യ വികസിത രാഷ്ട്രമായി മാറുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C P Radhakrishnan says India will become a developed nation before 2047.**

2. ശ്രീ ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to inaugurate an international exhibition of relics related to Sri Buddha in New Delhi tomorrow.**

3. ഭീകരതയെ പ്രതിരോധിക്കാനുള്ള അവകാശം ഇന്ത്യ വിനിയോഗിക്കുമെന്നും, അത് എങ്ങനെയായിരിക്കണമെന്ന് ആർക്കും നിർദ്ദേശിക്കാനാവില്ലെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **External Affairs Minister S. Jaishankar says India will exercise its right to combat terrorism and no one can dictate how it should be.**

4. ലോകാരോഗ്യ സംഘടനയുടെ ഫാർമക്കോ വിജിലൻസ് സംഭാവനകളിൽ ഇന്ത്യ ആഗോളതലത്തിൽ എട്ടാം സ്ഥാനത്ത്.

**India ranks eighth globally in the World Health Organization's pharmacovigilance contributions.**

5. രാജ്യത്തിന്റെ ഭാവി വളർച്ചയും നവീകരണവും സാങ്കേതിക വിദ്യയിലധിഷ്ഠിതമാണെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്.

**Science and Technology Minister Dr. Jitendra Singh says that India's reform journey is being driven by technology.**

6. മെഗാ ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിൽ 2025 ലെ നാഷണൽ പ്രോജക്ട് എക്സലൻസ് അവാർഡ് വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് ലഭിച്ചു.

**Vizhinjam International Port received the 2025 National Project Excellence Award in the mega infrastructure category.**

**&&&&&&&&&&&&&&&**

## VP-CHENNAI

2047 ന് മുമ്പ് തന്നെ ഇന്ത്യ വികസിത രാഷ്ട്രമായി മാറുമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ചെന്നൈയിലെ ഡോ. എം ജി ആർ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനത്തിലെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയിലൂടെ രാജ്യത്ത് നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. വിദ്യാർത്ഥികളും കാലത്തിനനുസരിച്ച് മാറണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. രണ്ടു ദിവസത്തെ സന്ദർശനത്തിനായാണ് ഉപരാഷ്ട്രപതി തമിഴ്നാട്ടിലെത്തിയത്.

**&&&&&&&&&&&&&&&**

## PM - PIPRAHWA

ശ്രീ ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും

കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാ വസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്. ശ്രീ ബുദ്ധന്റെ ഉദാത്തമായ ചിന്തകളെ കൂടുതൽ പ്രചാരത്തിലാക്കാനുള്ള സർക്കാരിൻറെ പ്രതിബദ്ധതയ്ക്ക് അനുസൃതമായാണ് പ്രദർശനം ഒരുക്കിയിട്ടുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

## JAISHANKAR-CHENNAI-INTRO

ഭീകരതയെ പ്രതിരോധിക്കാനുള്ള അവകാശം ഇന്ത്യ വിനിയോഗിക്കുമെന്നും, അത് എങ്ങനെയായിരിക്കണമെന്ന് ആർക്കും നിർദ്ദേശിക്കാനാവില്ലെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ചെന്നൈയിൽ ഐഐടി മദ്രാസിന്റെ ടെക്നോ-എന്റർടൈൻമെന്റ് ഫെസ്റ്റായ 'ശാസ്ത്ര 2026' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതിർത്തി കടന്നുള്ള ഭീകരവാദം രാജ്യങ്ങൾ തമ്മിലുള്ള നല്ലബന്ധങ്ങളെ തകർക്കുമെന്നും, ജലം പങ്കുവയ്ക്കൽ കരാറുകൾ പോലുള്ള ആനുകൂല്യങ്ങളെ ഇല്ലാതാക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## JITENDRA - TECHNOLOGY

രാജ്യത്തിന്റെ ഭാവി വളർച്ചയും നവീകരണവും സാങ്കേതിക വിദ്യയിലധിഷ്ഠിതമായാണ് മുന്നോട്ടുപോകുന്നതെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ കഴിഞ്ഞ വർഷത്തെ നേട്ടങ്ങൾ വിവരിക്കുകയായിരുന്നു അദ്ദേഹം. 2014 മുതൽ ശാസ്ത്ര സാങ്കേതിക വിദ്യയ്ക്ക് സർക്കാർ മുൻഗണന നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സ്വകാര്യ മേഖലയെ പിന്തുണയ്ക്കുന്ന സമീപനവുമായി ഒരു

സർക്കാർ മുന്നോട്ടുവന്നത് ഇതാദ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

**NADDA-PHARMACOPOEIA-INTRO**

ലോകാരോഗ്യ സംഘടനയുടെ ഫാർമക്കോ വിജിലൻസ് സംഭാവനകളിൽ ഇന്ത്യ ആഗോളതലത്തിൽ എട്ടാം സ്ഥാനത്താണെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ. ഇന്ത്യയുടെ ഔദ്യോഗിക ഔഷധ മാനദണ്ഡ പുസ്തകമായ ഇന്ത്യൻ ഫാർമക്കോപ്പിയ 2026 ന്റെ പത്താം പതിപ്പ് ന്യൂഡൽഹിയിൽ പുറത്തിറക്കുകയായിരുന്നു അദ്ദേഹം. ഔഷധ മാനദണ്ഡ പുസ്തകത്തിൽ രക്ത ഘടകം ഉൾപ്പെടുത്തിയ ആദ്യ രാജ്യമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

**CENTRE - ELECTRONICS MANUFACTURING**

ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് കീഴിൽ 22 പുതിയ നിർദ്ദേശങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഇതിലൂടെ 41,863 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. മൊബൈൽ ഫോൺ നിർമ്മാണം, ടെലികോം, കൺസ്യൂമർ ഇലക്ട്രോണിക്സ് എന്നിങ്ങനെ 11 വിഭാഗങ്ങളിലായുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഏകദേശം 2,58,000 കോടി രൂപയുടെ ഉൽപ്പാദനവും 34,000 ത്തോളം നേരിട്ടുള്ള തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

&&&&&&&&&&&&&&&

**PM - FLOWER SHOW**

സർഗ്ഗാത്മകതയെയും സുസ്ഥിരതയെയും ജനപങ്കാളിത്തത്തെയും സംയോജിപ്പിക്കുന്നതിൽ അഹമ്മദാബാദ് പുഷ്പമേള വഹിക്കുന്ന ശ്രദ്ധേയമായ പങ്കിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. നഗരത്തിൻറെ ഊർജ്ജസ്വലമായ ചൈതന്യവും പ്രകൃതിസ്നേഹവും ഈ പരിപാടി പ്രകടമാക്കുന്നുവെന്ന് ശ്രീ മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഗുജറാത്ത് മുനിസിപ്പൽ കോർപ്പറേഷൻ ഈ വർഷം സംഘടിപ്പിച്ച 14-ാമത് പുഷ്പമേളയിൽ രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകളും സൃഷ്ടിക്കപ്പെട്ടു.

&&&&&&&&&&&&&&&

## SIR- INTRO

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹിയറിങ്ങിന് നോട്ടീസ് നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. കരടു വോട്ടർ പട്ടിക പുറത്തിറക്കിയപ്പോൾ മുതൽ തന്നെ നോട്ടീസുകൾ നൽകാനുള്ള നടപടികൾ ആരംഭിച്ചിരുന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസ് വൃത്തങ്ങൾ ആകാശവാണി വാർത്തകളോട് പറഞ്ഞു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## VIZHINJAM PORT

മെഗാ ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിൽ 2025 ലെ നാഷണൽ പ്രോജക്റ്റ് എക്സലൻസ് അവാർഡ് വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് ലഭിച്ചു. ഇൻ്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രോജക്റ്റ്സ് ആൻഡ് പ്രോഗ്രാം മാനേജ്മെന്റും, സെന്റർ ഫോർ എക്സലൻസ് ഇൻ പ്രോജക്റ്റ് മാനേജ്മെന്റും സംയുക്തമായി ഏർപ്പെടുത്തിയ പുരസ്കാരമാണ് വിഴിഞ്ഞത്തിനു ലഭിച്ചത്. ന്യൂഡൽഹിയിലെ പുതിയ പാർലമെന്റ് മന്ദിരം, അടൽ ടണൽ തുടങ്ങിയവയ്ക്കാണ് മുൻ വർഷങ്ങളിൽ ഈ പുരസ്കാരം ലഭിച്ചത്.

&&&&&&&&&&&&&&&

## UNDER 15

അണ്ടർ 15 വനിതാ ഏകദിന ടൂർണ്ണമെന്റിൽ കേരളത്തിന് വിജയത്തുടക്കം. മുംബൈയെ എട്ട് വിക്കറ്റിനാണ് കേരളം പരാജയപ്പെടുത്തിയത്. 35 ഓവർ വീതമുള്ള മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത മുംബൈയ്ക്ക് 119 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 27.4 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.

&&&&&&&&&&&&&&&

## VENUS WILLIAMS -AUSTRALIAN OPEN

മുൻ ലോക ഒന്നാം നമ്പർ താരമായ വീനസ് വില്യംസിന് ഈമാസം 18-ന് ആരംഭിക്കാനിരിക്കുന്ന ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് ടൂർണമെന്റിലേക്ക് വൈൽഡ് കാർഡ് എൻട്രി ലഭിച്ചു. ഇതോടെ, 45-ാം വയസ്സിൽ ഓസ്ട്രേലിയൻ ഓപ്പൺ മെയിൻ ഡ്രോയിൽ മത്സരിക്കുന്ന ഏറ്റവും പ്രായം കൂടിയ വനിതാ താരമായി വീനസ് മാറും.

&&&&&&&&&&&&&&&

## MANNAM JAYANTHI

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 149-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി പെരുന്നയിലെ എൻ എസ് എസ് ആസ്ഥാനത്ത് വിവിധ പരിപാടികൾ നടന്നു. സാമൂഹ്യ സേവനത്തിനായി ജീവിതം സമർപ്പിച്ച മഹത് വ്യക്തിത്വമാണ് മന്നത്ത് പത്മനാഭനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ നെടുനായകത്വം വഹിച്ചവരിൽ ഒരാളായിരുന്നു മന്നത്ത് പത്മനാഭനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&

## FACT CHECK - INCOME TAX

ജനങ്ങളുടെ വ്യക്തിഗത ഡിജിറ്റൽ ഇടപാടുകൾ, ഓൺലൈൻ ചെലവുകൾ, ജീവിതശൈലി എന്നിവ ആദായനികുതി വകുപ്പ് നിരീക്ഷിക്കുന്നുണ്ടെന്ന തരത്തിൽ സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് കേന്ദ്ര സർക്കാർ. വ്യക്തികളുടെ ഡിജിറ്റൽ അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനം നിരീക്ഷിക്കാൻ ആദായനികുതി വകുപ്പ് യാതൊരു സംവിധാനവും സൃഷ്ടിച്ചിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

&&&&&&&&&&&&&&&

## SARAS MELA

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് പാലക്കാട് ചാലിശ്ശേരിയിൽ തുടക്കമായി മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉത്ഘാടനം ചെയ്തു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നേറാൻ കേരളത്തെ പ്രാപ്തമാക്കിയതിൽ കുടുംബശ്രീയുടെ ഇടപെടലുകൾക്ക് സവിശേഷമായ സ്ഥാനമുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## SABARIMALA

എരുമേലി പേട്ടതുള്ളി ശബരിമല ദർശനത്തിനായി അമ്പലപ്പുഴ സംഘം ചൊവ്വാഴ്ച യാത്ര തിരിക്കും. 10 നാൾ നീളുന്ന തീർത്ഥാടനത്തിനായാണ് സംഘം യാത്ര തിരിക്കുന്നത്.

&&&&&&&&&&&&&&&

## SABARIMALA GOLD CASE

ശബരിമല സ്വർണ്ണപാളി കേസിലെ മുഖ്യപ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിയെ പ്രത്യേക അന്വേഷണ സംഘം ഇന്ന് വീണ്ടും ചോദ്യം ചെയ്യും. അതേസമയം, കേരള ഹൈക്കോടതി നിയമിച്ച എസ്ഐടി, യുടെ അന്വേഷണം പുരോഗമിക്കുകയാണ്. അതേസമയം കേസിൽ കേന്ദ്ര ഏജൻസികളുടെ അന്വേഷണം വേണമെന്ന് ബിജെപി മുൻ സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു.

**&&&&&&&&&&&&&&&**

## VEENA GEORGE

കേരളത്തിൽ 2 വർഷത്തിനകം 500 കുട്ടികൾക്ക്, സംസ്ഥാന വനിത ശിശു വികസന വകുപ്പ്, കുടുംബാധിഷ്ഠിത സംരക്ഷണം സാധ്യമാക്കിയതായി മന്ത്രി വീണാ ജോർജ്. രാജ്യത്ത് ഏറ്റവും കൂടുതൽ കുടുംബാധിഷ്ഠിത പരിചരണം ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. മികച്ച പ്രവർത്തനം നടത്തിയതിന് സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ കാവൽ, കാവൽ പ്ലസ് പദ്ധതിയെ സുപ്രീംകോടതി പ്രത്യേകം അഭിനന്ദിച്ചു.

**&&&&&&&&&&&&&&&**

## SHIVRAJ-FARMERS

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാരിൻറെ പ്രവർത്തനങ്ങൾ ഊർജിതമായി തുടരുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. നാസിക്കിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെന്നും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ ശ്രമങ്ങളും തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&**

## YEAR ENDER- INFLATION

രാജ്യത്തെ സംബന്ധിച്ച് നേട്ടങ്ങളുടേയും പരിഷ്ക്കരണങ്ങളുടേതുമായിരുന്നു കഴിഞ്ഞ വർഷം. 2025 ൽ ഇന്ത്യയ്ക്ക് അനുകൂലമായ പണപ്പെരുപ്പ അന്തരീക്ഷമാണ് ഉണ്ടായിരുന്നത്. ജനുവരിയിൽ 4.26 ശതമാനമായിരുന്ന ഉപഭോക്തൃ വില സൂചിക, മാസങ്ങൾ കഴിയുന്തോറും ക്രമേണ കുറഞ്ഞു. ഒക്ടോബറിൽ ഏകദേശം 0.25 ശതമാനമെന്ന ചരിത്രത്തിലെ തന്നെ ഏറ്റവും താഴ്ന്ന നിലയിലെത്തി. പണപ്പെരുപ്പവും ജൂണിൽ 2.1 ശതമാനമായി കുറഞ്ഞു. ഡിസംബറിൽ, റിസേർവ് ബാങ്ക് റിപ്പോ നിരക്ക് 25 ബേസിസ് പോയിൻറ് കുറച്ച് 5.25 ശതമാനമാക്കി. വളർച്ചയും പണപ്പെരുപ്പവും തമ്മിലെ സന്തുലിതാവസ്ഥ നിലനിർത്താൻ ഇത് സഹായകമായെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&

&&&&&&&&&&&

&&&